**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 885** **14-01-2021 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നികളുടെ ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | Shri. K Raju<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | നാട്ടിലിറങ്ങി കൃഷിക്കും, മനുഷ്യജീവനു തന്നെയും ഭീഷണിയുയർത്തുന്ന കാട്ടുപന്നികൾ പോലെയുള്ളവയെ കൊല്ലുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (എ) | (എ) കാട്ടിൽനിന്നും നാട്ടിലിറങ്ങി ജീവനും, സ്വത്തിനും, കൃഷിയ്ക്കും നാശനഷ്ടം ഉണ്ടാക്കുന്ന വന്യജീവികളിൽ നിന്നും കർഷകരെ സംരക്ഷിക്കണമെന്ന സർക്കാർ തീരുമാനം അനുസരിച്ച് വനം വകുപ്പ് ചുവടെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.- 1 . വനാതിർത്തിയിൽ വന്യമൃഗങ്ങൾ മനുഷ്യവാസപ്രദേശങ്ങളിലേയ്ക്ക് ഇറങ്ങുന്നത് പ്രതിരോധിക്കുന്നതിലേയ്ക്കായി സൌരോർജ്ജ വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ് ഗാർഡ് ഫെൻസിംഗ് തുടങ്ങിയവയുടെ നിർമ്മാണം; 2. വനത്തിനു പുറത്തേക്ക് വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ച വിടുന്നതിനുള്ള സംവിധാനത്തോടെ പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമുകൾ സജ്ജമാക്കൽ; 3 . പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം; 4. . സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കു വെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസക്രകേന്ദരങ്ങളിൽ നിന്നും അകലെയുള്ള വന മേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ; 5 . പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ; 6 . വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ; 7 . വന്യജീവി ആക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെൻറുകളിൽനിന്നും കുടുംബങ്ങളെ അവരുടെ സമ്മതത്തോടെ |

| | | | |
|---|---|---|---|
| | | | നഷ്ടപരിഹാരം നൽകി മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ; 8 . വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവത്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ; 9 . മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്ത ത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ 11.01.2021 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 05/2021/വനം പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | വന്യജീവി ആക്രമണത്തിൽ കാർഷിക വിളകൾ നഷ്ടപ്പെടുന്ന കർഷകർക്ക് ആശ്വാസ ധനം നൽകാൻ എന്തെങ്കിലും പദ്ധതികൾ സർക്കാർ നടപ്പാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ജനവാസ മേഖലയിൽ കാർഷിക വിളകൾക്കും മറ്റും നാശനഷ്ടമുണ്ടാകുപ്പോൾ കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ പുതിയ പദ്ധതി നടപ്പിലാക്കുമോ? | (ബി) | വന്യജീവികളുടെ ആക്രമണത്തിൽ കാർഷിക വിളകൾ നഷ്ടപ്പെടുന്ന കർഷകർക്ക് നിലവിൽ 08.01.2015 ലെ ജി.ഒ. (എം.എസ്) നം. 02/2015/ വനം ഉത്തരവ് പ്രകാരമുള്ള ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ